(ബി) 58 പേർക്ക് നൽകുന്നുണ്ട്, ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.†

(സി) 1,000 രൂപ അഞ്ച് പേർ മരണപ്പെട്ടു. ആശ്രിതർക്ക് പെൻഷൻ നൽകുന്നുണ്ട്.

(ഡി) പെൻഷൻ പദ്ധതിയിൽ ചേർന്ന് സർവ്വീസ് തീരുംവരെ അംശാദായം അടയ്ക്കുന്നവരുടെ പെൻഷൻ തുകയാണ് 2001 സെപ്തംബർ മുതൽ 1,400 രൂപയായി വർദ്ധിപ്പിച്ചത്. പ്രമുഖ പത്രപ്രവർത്തകർ പെൻഷനുള്ള അംശാദായം അടച്ചവരല്ല.

(ഇ) ഖണ്ഡിക നാലിൽ പറഞ്ഞ കാരണത്താൽ ഇതുവരെ നടപടി കൈക്കൊണ്ടിട്ടില്ല;

(എഫ്) തീരുമാനം എടുത്തിട്ടില്ല.

(ജി) കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയാത്തവർക്ക് വേണ്ടി 1993-ൽ ഏർപ്പെടുത്തിയതാണ് പ്രമുഖ പത്രപ്രവർത്തക പെൻഷൻ പദ്ധതി. ആദ്യം 25 പേർക്ക് പെൻഷൻ അനുവദിച്ചതോടെ ആ പദ്ധതി അവസാനിച്ചു. കുറച്ചുപേർ കോടതിയിൽപ്പോയും പദ്ധതിയിൽ ഉൾപ്പെട്ടു. 1993 മുതൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണ് നിലനിൽക്കുന്നത്. പെൻഷൻ കമ്മിറ്റിയിൽ പത്രപ്രവർത്തക യൂണിയന്റെ പ്രതിനിധികൾ ഉണ്ട്. അതിനാൽ വെറ്ററൻ ജേർണലിസ്റ്റ് അസോസിയേഷന്റെ പ്രതിനിധിയെ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല.

സ്പോർട്സ് രംഗത്ത് മികവ് തെളിയിച്ചവർക്ക് നിയമനം നൽകാൻ നടപടി

76 [3773] *ശ്രീ. ഡി. സുഗതൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ്/ഗെയിംസ് രംഗങ്ങളിൽ മികവ് തെളിയിച്ചവർക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിനുള്ള പദ്ധതി ഏതു തീയതി മുതൽക്കാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ ഈ പദ്ധതിപ്രകാരം ആർക്കൊക്കെ ഏതൊക്കെ തസ്തികകളിലായി പോലീസ് വകുപ്പ് ഉൾപ്പെടെ ഏതൊക്കെ വകുപ്പുകളിലും കെ.എസ്.ഇ.ബി., ട്രാവൻകൂർ ടൈറ്റാനിയം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം നിയമനങ്ങളിൽ സംവരണതത്വം പാലിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) ഇതുമൂലം നഷ്ടപ്പെടുന്ന സംവരണാനുകൂല്യം പരിഹരിക്കുവാൻ പര്യാപ്ത മായനിലയിൽ പി.എസ്.സി. മുഖേന നിയമനം നടത്തുമ്പോൾ കോമ്പൻസേറ്റ് ചെയ്യുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

ആദിവാസികളുടെ മരുന്നിനും ചികിത്സയ്ക്കും നിയമസംരക്ഷണം

77 [3774] *ശ്രീ. എ. കെ. മണി:*

.. *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഔഷധ വിജ്ഞാനം മുതലാക്കി വിദേശ രാജ്യക്കാർ അവരുണ്ടാക്കുന്ന ഔഷധങ്ങൾക്ക് പേറ്റന്റ് എടുക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ആദിവാസികളുടെ മരുന്നിനും ചികിത്സയ്ക്കും വേണ്ട നിയമ സംരക്ഷണം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഒരു പേറ്റന്റ് സെൽ പ്രവർത്തിക്കുന്നു. പ്രസ്തുത സെൽ സംസ്ഥാന പേറ്റന്റ് സെല്ലുമായി യോജിച്ച് കാലിക പ്രാധാന്യത്തോടെ പ്രവർത്തിച്ചു വരുന്നു.

(ബി) പാരമ്പര്യമായി ചികിത്സ നടത്തുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കു ന്നതിന്റെ ഭാഗമായി ഒരു ഏകീകൃത മെഡിക്കൽ ബിൽ നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly